LIBRARY ARCHIVES Kerala Legislative Assembly

അമ്പൂരി തൊടുമല സെറ്റിൽമെന്റ് കോളനി വികസനം

134 (440) ശ്രീ സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ അമ്പൂരി തൊടുമല സെറ്റിൽമെന്റ് കോളനിയിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽനിന്നും ഫണ്ട് അനുവദിച്ച് നടപടികൾ പൂർത്തിയാക്കിയിട്ടും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തത് കാരണം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

തിരുവനന്തപുരം വന്യജീവി ഡിവിഷനിലെ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ വരുന്ന അമ്പൂരി തൊടുമല സെറ്റിൽമെന്റ് കോളനിയിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന റോഡുകൾ ഇന്റർലോക്ക് ചെയ്യുന്നതിന് പഞ്ചായത്തിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ടി റോഡുകൾ പരിശോധിച്ച് ആയവ അംഗീകരിച്ചിട്ടുള്ളതുമാണ്

1. പുരവിമല ഇ.ഡി.സി.റോഡ്
2. പുരവിമല ഉലവ്മുട്ടിക്കഴി
3. അയ്യവിളാകം- തൊടുവര
4. പൂവൻപാറ- വള്ളക്കടവ്
5. പീയണിപ്പാറ - കണ്ണമ്മാമൂട്
6. പീയണിപ്പാറ - വെല്ലി
7. പൊട്ടൻകാവ് - തൊടുമല
8. പുരവിമല - തേക്കിന്മൂട്

എന്നാൽ ചാക്കപ്പാറ-പീയണിപ്പാറ (അണമുഖം) റോഡിന്റെ നിർമ്മാണത്തിനായി അനുമതി ആവശ്യപ്പെട്ടിരുന്നെങ്കിലും സംസ്ഥാന വന്യജീവി ബോർഡ് ആയത് നിരസിക്കുകയുണ്ടായി.

(ബി) ഈ മേഖലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 1500-ലധികം വരുന്ന ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുന്നതിലേക്കായി പ്രസ്തുത പദ്ധതികൾക്ക് അടിയന്തര പ്രാധാന്യത്തോടെ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

വന്യജീവി സങ്കേതത്തിനകത്ത് നിയമാനുസരണം അനുവദനീയമായ പദ്ധതികൾ നടത്തുന്നതിനുള്ള അനുമതി ചുമതലപ്പെട്ട അധികാരി /ബോർഡിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത മേഖലയിൽ റോഡ് നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

1980-ലെ കേന്ദ്ര വന സംരക്ഷണ നിയമത്തിന്റെയും, 2006-ലെ വനാവകാശ നിയമത്തിന്റെയും സംസ്ഥാന, കേന്ദ്ര വനം-വന്യജീവി ബോർഡിന്റെ മാനദണ്ഡ പ്രകാരവുമാണ് അനുമതി നൽകുന്നത്.

പെരുമ്പെട്ടി മേഖലയിലെ വനാതിർത്തി നിർണ്ണയ സർവ്വേ

135(441) ശ്രീ പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്തൻപുഴ, പെരുമ്പെട്ടി മേഖലയിലെ വനാതിർത്തി നിർണ്ണയ സർവ്വേ പൂർത്തിയാകാത്തതിനാൽ പ്രദേശത്തെ കർഷകരും കൈവശാവകാശികളും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പുമായി ചേർന്ന് പ്രസ്തുത വനാതിർത്തി നിർണ്ണയ സർവ്വേയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ കൂടി പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

22-1-2021-ലെ ബഹു. വനം-റവന്യൂ വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ അവശേഷിക്കുന്ന ജോയിന്റ് സർവ്വേ, 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള സർവ്വേ നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള ആധികാരിക സ്കെച്ച് ലഭ്യമല്ല. ലഭ്യമായ സ്കെച്ചുകൾ 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമാണെന്ന് സ്ഥാപിക്കുന്ന യാതൊരു രേഖപ്പെടുത്തലുകളുമില്ല. അപ്രകാരം ആധികാരികമല്ലാത്ത ഒരു സ്കെച്ചിനെ അടിസ്ഥാനപ്പെടുത്തി വനഭൂമിയുടെ സ്റ്റാറ്റസ് നിർണ്ണയിക്കുക അസാധ്യമാണ്. ആയതിനാലാണ് സർവ്വേ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തത്. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ശബരിമലയിലെ റീ സർവ്വേ നടപടികൾ

136(442) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ വനം, ദേവസ്വം വകുപ്പുകളുടെ കീഴിലുള്ള ഭൂമിയുടെ വിസ്തീർണ്ണം തീരുമാനിക്കുന്നതിനായി റീസർവ്വേ നടപടികൾ പുരോഗമിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇത്തരമൊരു റീസർവ്വേ നടപടിയിലേക്ക് നയിച്ച സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly